LIBRARY ARCHIVES Kerala Legislative Assembly

ഗ്രാന്റ്-ഇൻ-എയ്ഡ് ആയി വകയിരുത്തിയിരുന്ന തുക

102 (4537) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-01, 2001-02, 2002-03 എന്നീ സാമ്പത്തികവർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ആയി വകയിരുത്തിയിരുന്ന തുക എത്ര വീതമാണ് ;

(ബി) വകയിരുത്തിയിരുന്ന തുകയിൽനിന്നും ഓരോ ഗഡുവായി എത്ര രൂപയാണ് മേൽപ്പറഞ്ഞ ഓരോ വർഷവും അനുവദിച്ചത് ;

(സി) ഓരോ വർഷവും അനുവദിച്ച ഓരോ ഗഡുവിൽനിന്നും മാത്രമായി എന്ത് തുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചത് ;

(ഡി) ഗഡുക്കളായി അനുവദിച്ച തുക തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ വർഷവും വകയിരുത്തിയിരുന്ന തുക മുഴുവനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) 2000-01 വർഷത്തിൽ 1045 കോടി രൂപയും 2001-2002 വർഷത്തിൽ 850 കോടി രൂപയും 2002-2003 വർഷത്തിൽ 1342 കോടി രൂപയുമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ആയി വകയിരുത്തിയിരുന്നത്.

(ബി) 2000-01 വർഷത്തിൽ 819.06 കോടി രൂപയും, 2001-2002 വർഷത്തിൽ 637.58 കോടി രൂപയും, 2002-2003 വർഷത്തിൽ 1006.50 കോടി രൂപയുമാണ് അനുവദിച്ചത്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവിന് അനുസൃതമായി കഴിഞ്ഞ മൂന്ന് വാർഷികപദ്ധതികളിലും പ്ലാൻ ബഡ്ജറ്റിൽ കുറവ് വരുത്തിയിട്ടുണ്ട്. ബഡ്ജറ്റിലെ കുറവിന് അനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിലും കുറവ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.